അപേക്ഷകരുടെ ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കുന്നതിനായി ആരംഭിച്ച ഓൺ ലൈൻ സംവിധാനത്തിന്റെ സൗകര്യങ്ങൾ പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. എല്ലാ സപ്ലൈ ആഫീസുകളിലും കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ മഹാഭൂരിപക്ഷവും ഇതിനകംതന്നെ തീർപ്പാക്കിക്കഴിഞ്ഞു. തലപ്പള്ളി താലൂക്കിൽ ലഭിച്ച 113784 അപേക്ഷകളിൽ 7504 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ ഏതാനും ദിവസങ്ങൾക്കകം പൂർത്തിയാക്കി കാർഡുകൾ വിതരണം ചെയ്യുന്നതാണ്.

(10) തിരുമൂലപുരം എസ്.എൻ.വി. ഹൈസ്ക്കൂളിൽ പ്ലസ് ടു അനുവദിക്കാൻ നടപടി

ശ്രീ. മാത്യു ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 75 വർഷത്തിലധികമായി സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന ഒരു സ്ക്കൂളാണ് തിരുമൂലപുരം എസ്.എൻ.വി. ഹൈസ്കൂൾ. എൻ. എൻ. ഡി. പി. തിരുവല്ല ശാഖയാണ് അതിന്റെ മാനേജ്മെന്റ്. 1996ലെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പ്ലസ് 2 അനുവദിക്കുമ്പോൾ തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന മറ്റ് മാനേജ്മെന്റ് സ്ക്കൂളുകൾക്ക് പ്ലസ് 2 കിട്ടിയപ്പോഴും ഈ സ്ക്കൂളിൽ അത് അനുവദിക്കാതിരുന്നത് വലിയ നീതിനിഷേധമായിരുന്നു എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഇന്നും ആ നീതിനിഷേധം തുടരുകയാണ്. ഇപ്പോൾ പ്ലസ് 2 അനുവദിക്കുന്നതിനുവേണ്ടി സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങളിൽ അയവ് വരുത്തിക്കൊണ്ട് വളരെ സ്തുത്യർഹമായ സേവന മനുഷ്ഠിക്കുന്ന ആ സ്കൂളിൽ കൂടി പ്ലസ് 2 അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷൻ. ഇന്ന് ഈ ആവശ്യം ഉന്നയിച്ചു കൊണ്ട് തിരുവല്ല ഡി. ഡി. ആഫീസിനുമുമ്പിൽ പ്രവർത്തകരുടെ സത്യാഗ്രഹ സമരം നടക്കുകയാണ്. അതുകൂടി പരിഗണിച്ചുകൊണ്ട് അനുകൂലമായ തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, സംസ്ഥാന ഹയർ സെക്കന്ററി പഠനത്തിന് കൂടുതൽ സൗകര്യമേർപ്പെടുത്തുന്നതിനുള്ള നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുന്നുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ മുഴുവൻ കുട്ടികൾക്കും ഹയർ സെക്കന്ററിയോ സമാനമായ കോഴ്സുകളോ പഠിക്കാനുള്ള സൗകര്യമുണ്ടാകണമെന്നാണ് സർക്കാരിന്റെ നിലപാട്. ഇതിന് കഴിയുംവിധം, എല്ലാ പഞ്ചായത്തുകളിലും ഒരു ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ എന്ന നയം സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ ഒന്നാം ഘട്ടമെന്ന നിലയിൽ ഹയർ സെക്കന്ററി പഠനത്തിന് നിലവിലുള്ള പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലും ഇടുക്കി ജില്ലയിലെ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലും ഹയർ സെക്കന്ററി സ്കൂൾ ഈ വർഷംതന്നെ ആരംഭിച്ചിട്ടുണ്ട്. ഈ നിയമം സംസ്ഥാനത്തെ മറ്റ് ജില്ലകളിലും വ്യാപിപ്പിക്കണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. ഭൂമിശാസ്ത്രപരമായ സവിശേഷത, ജനസാന്ദ്രത, ന്യൂനപക്ഷങ്ങൾ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങൾ എന്നിവ പരിഗണിച്ച് ഒന്നിൽ കൂടുതൽ സ്കൂളുകൾ പഞ്ചായത്തിൽത്തന്നെ അനുവദിക്കുന്നതിനുള്ള സാദ്ധ്യത ആരായുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശാസ്ത്രീയമായ പഠനത്തിന്റെ പശ്ചാത്തലത്തിൽ വേണം ഏതെല്ലാം സ്കൂളുകൾ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററിയായി ഉയർത്തേണ്ടത് എന്ന് കണ്ടെത്താൻ. ഈ നടപടികൾ കൈക്കൊള്ളുന്ന ഘട്ടത്തിൽ തിരുവല്ല നിയോജകമണ്ഡലത്തിലെ തിരുമൂലപുരം എസ്. എൻ. വി. ഹൈസ്കൂൾ ഹയർ സെക്കന്ററിയായി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(11) ജില്ലകളുടേയും താലൂക്കുകളുടേയും പുനഃസംഘടന

ശ്രീ. സി. പി മുഹമ്മദ്: സർ, കേരളത്തിലെ ജില്ലകളും താലൂക്കുകളും പുനഃസംഘടിപ്പിക്കണമെന്ന ആവശ്യത്തിന് ഒരുപാട് വർഷത്തെ പഴക്കമുണ്ട്. ജില്ല-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ ഭൂമിശാസ്ത്രപരമായും ജനസംഖ്യാനുപാതികവുമായാണ് പുനഃസംഘടിപ്പിക്കപ്പെടുന്നത്. 3 നിയോജക മണ്ഡലങ്ങളുള്ള വയനാടും 5 നിയോജകമണ്ഡലങ്ങളുള്ള ഇടുക്കിയും 7 നിയോജകമണ്ഡലങ്ങളുള്ള പത്തനംതിട്ടയും എന്നോ ജില്ലയായി മാറി. മൂവാറ്റുപുഴ ജില്ലയും വള്ളുവനാട് ജില്ലയും വേണമെന്ന ആവശ്യം ഒരുപാട് കാലങ്ങളായി ഉന്നയിക്കുകയാണ്. അതുപോലെ ആലപ്പുഴ ജില്ലയേക്കാൾ വലിപ്പമുള്ള ഒറ്റപ്പാലം താലൂക്ക് വിഭജിച്ച് പട്ടാമ്പി താലൂക്ക് ആക്കണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. യശശ്ശരീരനായ മുൻ കേരളാ മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാട് തന്റെ നടക്കാതെ പോയ ഒരു സ്വപ്നമാണ് പട്ടാമ്പി താലൂക്ക് എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ പല പ്രധാനപ്പെട്ട താലൂക്കുകളുമുണ്ട്. അതുകൊണ്ട് ജില്ലകളും താലൂക്കുകളും അടിയന്തരമായി പുനഃസംഘടിപ്പിക്കുന്നതിനും ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ വിഭജിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, വിസ്തൃതി, ജനസംഖ്യ, പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ ഇവ ചൂണ്ടിക്കാട്ടി ജില്ലകളും താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച് നിരവധി ആവശ്യങ്ങൾ വർഷങ്ങളായി ഉന്നയിക്കപ്പെടുന്നതാണ്. ഇക്കാര്യം പരിശോധിക്കാൻ വിവിധ കമ്മിറ്റികളെ സർക്കാർ അതാത് കാലങ്ങളിൽ ചുമതലപ്പെടുത്തുകയും അവരുടെ റിപ്പോർട്ടുകൾ ഗവൺമെന്റിന് ലഭിച്ചിട്ടുള്ളതുമാണ്. ചില താലൂക്കുകളും വില്ലേജുകളും ഭൂമിശാസ്ത്രപരമായിത്തന്നെ അതിന്റെ വിസ്തൃതികൊണ്ടും ഭരണപരമായ കാര്യങ്ങൾക്കൊണ്ടും പുനഃസംഘടിപ്പിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുകയും അതോടൊപ്പംതന്നെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിക്കേണ്ടതുണ്ടെന്നും സമിതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പുനഃസംഘടിപ്പിക്കേണ്ട താലൂക്കുകളുടെ മുൻഗണനാലിസ്റ്റും ഇതിൽ ചില സമിതികൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. സർക്കാർ ഈ വിഷയങ്ങളെല്ലാം പരിശോധിച്ചുവരികയാണെങ്കിലും ഇതൊരു നയപരമായ പ്രശ്നമാണ്. എന്നാൽ സംസ്ഥാനത്ത് പുതിയ ജില്ലകൾ രൂപീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly